**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5699** **16-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾ ആക്രമിക്കപ്പെട്ടത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾ ആക്രമിക്കപ്പെട്ടത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലം മുതൽ 08.03.2023 വരെ 367 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദം ആക്കുന്നതിനും തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്ത്രീകൾ തൊഴിലിടങ്ങളിൽ നേരിടുന്ന കുറ്റകൃത്യങ്ങൾക്കെതിരെ അവബോധം നൽകുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനും സ്വയം പ്രതിരോധ ക്ലാസ്സുകൾ നൽകി വരുന്നുണ്ട്. കൂടാതെ പത്തിൽ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെല്ലാം തൊഴിലുടമ ആഭ്യന്തര പരാതി സമിതി രൂപീകരിക്കണമെന്ന നിയമം നിലവിൽ ഉള്ളതും ഇത്തരം സമിതികളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ